# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1647** **11-10-2024 - ൽ മറുപടിയ്ക്ക്**

### മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഉരുൾ പൊട്ടലിനെ തുടർന്നുണ്ടായ കൃഷിനാശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കണ്ണവം മേഖല ഉരുൾപൊട്ടിയതിന്റെ ഭാഗമായി പുഴ കരകവിഞ്ഞൊഴുകുയതിനെ തുടർന്ന് മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വ്യാപകമായ കൃഷിനാശം ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഇവിടുത്തെ കർഷകരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ കണ്ണവം വനമേഖലയിൽ 2024 ജൂലായ് 28 മുതൽ പെയ്ത കനത്ത മഴയെ തുടർന്ന് ജൂലായ് 30-ന് കോളയാട് പഞ്ചായത്ത് പരിധിയിൽ ഉരുൾപൊട്ടൽ ഉണ്ടാവുകയും കൃഷിക്കും കൃഷി ഭൂമിക്കും കനത്ത നാശനഷ്ടം സംഭവിക്കുകയും ചെയ്തു. ആഗസ്റ്റ് 5വരെ തുടർന്ന പേമാരിയിൽ മട്ടന്നൂർ നിയോജക മണ്ഡല പരിധിയിലെ കോളയാട്, ചിറ്റാരിപറമ്പ്, മാലൂർ, മാങ്ങാട്ടിടം, കീഴല്ലൂർ, കൂടാളി, തില്ലങ്കേരി, പടിയൂർ പഞ്ചായത്തുകളിലും മട്ടന്നൂർ നഗരസഭയിലും കാർഷിക വിളകൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ യഥാസമയം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദുരിത ബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടി ബഹു. എം.എൽ.എ. വിളിച്ചു ചേർത്ത യോഗത്തിലെ നിർദ്ദേശ പ്രകാരം കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ, വിള ഇൻഷ്വറൻസ് പദ്ധതികളിൽ അപേക്ഷിക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകിയിരുന്നു.<br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ബ്ലോക്ക് ലെവൽ അഗ്രിക്കൾച്ചറൽ നോളഡ്ജ് സെന്റർ (BLAKC) നോഡൽ ഓഫീസർമാർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, കൃഷി ഓഫീസർമാർ മുതലായവരെ ഉൾപ്പെടുത്തി ഒരു പരിശോധന സമിതി രൂപീകരിച്ച്, നാശനഷ്ടം സംഭവിച്ച പ്രദേശങ്ങൾ സന്ദർശിച്ച് കർഷകരുടെ പ്രയാസങ്ങൾ മനസ്സിലാക്കുന്നതിനും മണ്ണൊലിപ്പുമൂലം മേൽമണ്ണ് നഷ്ടപ്പെട്ട പ്രദേശങ്ങളിൽ മണ്ണ് പരിശോധന നടത്തി ആവശ്യമായ പോഷകാംശങ്ങൾ വീണ്ടെടുക്കുന്നതിന് പദ്ധതി തയ്യാറാക്കുവാനും മണ്ണൊലിപ്പ് മൂലം നികന്ന കിണറുകൾ, തോടുകൾ, വയലുകൾ, കുളങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രദേശത്തെ കാർഷിക മേഖലയിലെ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. ഉരുൾപൊട്ടലിനെ തുടർന്നുണ്ടായ കൃഷി നാശത്തിൽ തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, റബ്ബർ, മരച്ചീനി, നെൽകൃഷി, പച്ചക്കറി എന്നീ വിളകൾക്ക് നാശനഷ്ടം സംഭവിച്ചു. മട്ടന്നൂർ, കൂടാളി, കീഴല്ലൂർ കൃഷിഭവനുകളിലെ 142 കർഷകർക്ക് 12,63,000/- രൂപയുടേയും, കോളയാട്, മാലൂർ കൃഷിഭവൻ പരിധിയിലെ 42 കർഷകർക്ക് 2,91,439/- രൂപയുടേയും, ചിറ്റാരിപ്പറമ്പ്, മാങ്ങാട്ടിടം കൃഷിഭവനുകളിലെ 47 കർഷകർക്ക് 2,77,750/- രൂപയുടേയും നഷ്ടപരിഹാരം തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കാർഷിക മേഖലയിലെ പുനരുദ്ധാരണത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ ;വിശദാംശങ്ങൾ നൽകാമോ? | (സി) | ഉരുൾപൊട്ടൽ മൂലം കാർഷിക മേഖലയിൽ സംഭവിച്ച നാശനഷ്ടം വിലയിരുത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും രൂപീകരിച്ച സമിതി ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ആവശ്യമായ ശുപാർശകൾ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ